<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2279</u> <u>21-06-2024 - ൽ മറുപടിയ്ക്ക്</u>

<u>സിവിൽ സപ്ലൈസ് സ്റ്റോറുകൾ ആരംഭിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയായ കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് കുട്ടനാട്ടിൽ കൂടുതൽ സിവിൽ സപ്ലൈസ് സ്റ്റോറുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ നിലവിൽ 10 വില്പനശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്. പുതിയ മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ സാധ്യതാ പഠനം നടത്തി കണ്ടെത്തുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങൾ വാടക രഹിതമായി കെട്ടിടം അനുവദിച്ച് തരുന്ന പക്ഷം കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | കുട്ടനാട്ടിലെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ വള്ളങ്ങളിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കുന്നതിനു പ്രത്യേക നിർദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ സപ്ലൈകോയ്ക്ക് ജലഗതാഗത സൗകര്യം ലഭ്യമല്ല. വൃത്തിയായും സുരക്ഷിതമായും ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യാവുന്ന വിധത്തിലുള്ള ജലഗതാഗത സൗകര്യം ലഭ്യമാവുന്ന പക്ഷം മൊബൈൽ മാവേലി സ്റ്റോർ മാതൃകയിൽ ഭക്ഷ്യ ധാന്യങ്ങൾ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ